"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി വികസനം - ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി - പാലക്കാട് മുതലമട ഗ്രാമ പഞ്ചായത്ത്- ഗോവിന്ദാപുരം അംബേദ്കർ നഗർ-ചക്ലിയ സമുദായക്കാരായ 37 കുടുംബങ്ങളെ പ്രത്യേക കേസായി പരിഗണിച്ച് ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.318/2025/SCSTD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.453/2022/SCSTD തീയതി 26.04.2022.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22.03.2025-ലെ SCDD/28/2025-A1 (DEV-A) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് മുതലമട ഗ്രാമപഞ്ചായത്തിലെ ഗോവിന്ദാപുരം അംബേദ്കർ നഗറിലെ ഭൂരഹിതരായ, ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത, ചക്ലിയ സമുദായത്തിൽപ്പെട്ട 42 കുടുംബങ്ങളെ പ്രത്യേക കേസായി പരിഗണിച്ച് വകുപ്പിന്റെ "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി ഭൂമിയും വീടും നൽകാൻ പരാമർശം-1 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ മേൽ സൂചിപ്പിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെടാതെ പോയ പ്രസ്തുത പ്രദേശത്ത് ഭൂമിയും ഭവനസഹായവും ആവശ്യമുണ്ടായിരുന്ന ചക്ലിയ സമുദായത്തിൽപ്പെട്ട അർഹതയുള്ള 48 കുടുംബങ്ങളിൽ 11 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ ഇതിനോടകം ഭൂമിയും ഭവനവും അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 37 കുടുംബങ്ങൾ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക പരിഗണന നൽകി ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിത ഭവനരഹിത പുനരധിവാസത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനു പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിലെ ഗോവിന്ദാപുരം അംബേദ്കർ നഗറിലെ ഭൂമി-ഭവനരഹിതരായ പട്ടികജാതിയിലെ ദുർബല വിഭാഗമായ ചക്ലിയൻ വിഭാഗത്തിൽപ്പെട്ട 42 കുടുംബങ്ങൾക്ക് പ്രത്യേക കേസായി പരിഗണിച്ച് "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി ഭൂമിയും വീടും പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ അർഹതയുള്ള 11 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ ഭൂമിയും ഭവനവും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 37 കുടുംബങ്ങളുടെ (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു) ഭൂമിയും വീടും ലഭ്യമാക്കണമെന്ന ദീർഘനാളത്തെ ആവശ്യം

കണക്കിലെടുത്തും, അവരുടെ അത്യന്തം പരിതാപകരമായ അവസ്ഥ മുൻനിർത്തിയും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഈ കുടുംബങ്ങൾ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി, പരാമർശം 1 ഉത്തരവ് പ്രകാരം ഭൂമിയും വീടും അനുവദിച്ച മാതൃകയിൽ, ധനസഹായം അനുവദിക്കുന്നതിന് മുൻപായി മേൽ കുടുംബങ്ങളിലെ ഗൃഹനാഥരുടെ വിവരങ്ങളും അർഹതയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി, ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
2) ജില്ലാ പട്ടികജാതി വികസന ഓഫീസർ, പാലക്കാട്.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ) ഐ & പി ആർ ഡി.
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
Date: 08-05-2025 17:34:15
സെക്ഷൻ ഓഫീസർ

**പകർപ്പ് :-** ബഹു. പട്ടികജാതി പട്ടിക വർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

**അനുബന്ധം**

**37 കുടുംബങ്ങളുടെ ലിസ്റ്റ്**

| ക്രമ നം. | പേരും വിലാസവും |
|---|---|
| 1 | മണികണ്ഠൻ, S/O വീരൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 2 | കാർത്തിക, W/O അയ്യപ്പൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 3 | ഐശ്വര്യ, C/O അമ്മാസൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 4 | സന്തോഷ്കുമാർ, S/O ആറുച്ചാമി, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 5 | കാർത്തിക്, D/O നാച്ചമ്മാൾ, എസ്.സി. പഴനി, കോളനി, ഗോവിന്ദാപുരം, മുതലമട |
| 6 | സീത, W/O വീരസ്വാമി, ചെമ്മാണംപതി, ഗോവിന്ദാപുരം, മുതലമട |
| 7 | സൗന്ദര്യ, W/O ജയപ്രകാശൻ, ഗോവിന്ദാപുരം, മുതലമട |
| 8 | കാലിങ്കരാജ്, S/O മൈലൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം |
| 9 | സംഗീത, D/O കറുപ്പ് സ്വാമി, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 10 | പ്രേമ, D/O കാളിമുത്തു, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 11 | കറുപ്പത്താൾ, D/O കൊപ്പൻ, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 12 | വിജയലക്ഷ്മി, D/O ആട്ടയാംമ്പതി, ഗോവിന്ദാപുരം, മുതലമട |
| 13 | കൃഷ്ണവേണി, W/O മുരുകൻ, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 14 | പാണ്ടിശ്വരി, W/O രവികുമാർ, ആട്ടയാംമ്പതി, ഗോവിന്ദാപുരം |
| 15 | കണ്ണൻ, S/O അഴകൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 16 | അഞ്ചു, D/O കറുപ്പ സ്വാമി, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 17 | മഹാലിംഗം, S/O വീരൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 18 | ചിന്ന വീരൻ, S/O മലയാ സ്വാമി, അംബേദ്കർ കോളനി, ഗോവിന്ദാപുരം |
| 19 | പട്ടീശ്വരൻ, S/O സുന്ദരൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 20 | ദീപക് ,S/O വീരൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 21 | ശരവണൻ, S/O മാസാണി, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 22 | പ്രിയദർശിനി, D/O തന്നാസി, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 23 | ശിവശങ്കരി, D/O ശക്കരയ്യൻ, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 24 | മോഹന, D/O ശർക്കരയ്യൻ, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 25 | ജ്യോതിക, D/O സുബ്രഹ്മണ്യൻ, അംബേദ്ക്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 26 | സിൻരാജ്, S/O കിട്ടൻ, അംബേദ്കർ കോളനി, ഗോവിന്ദാപുരം, മുതലമട |
| 27 | അംബിക, D/O ശെൽവൻ, അംബേദ്ക്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 28 | പ്രശാന്ത് , S/O തന്ന്യാസി, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 29 | അരുൺകുമാർ, S/O മുരുകൻ, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 30 | മണികണ്ഠൻ, S/O മാരിമുത്തു, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 31 | വിഷ്ണുകുമാർ, S/O ശക്തിവേൽ, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 32 | ഗുരുവായൂരപ്പൻ, S/O ശക്തിവേൽ, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 33 | രാജൻ, S/O ഗണപതി, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 34 | വിജയൻ, S/O കുമാരൻ, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 35 | പഴനിസ്വാമി, S/O തങ്കവേലു, അംബേദ്കർ നഗർ, ഗോവിന്ദാപുരം, മുതലമട |
| 36 | ചിത്ര, D/O വീരൻ, അംബേദ്ക്കർ നഗർ, ഗോവിന്ദാപുരം, മുതലമട (ധനസഹായം ഭവന നിർമ്മാണത്തിന് മാത്രം ) |
| 37 | ചിത്ര, W/O ചിന്ന രംഗൻ, പഴയ കോളനി, ഗോവിന്ദാപുരം, മുതലമട |